# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചേളന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P3/41/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 22/01/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേളന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P3/41/2022 തീയ്യതി: 22/01/2022

# കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-01-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 06-01-2022 | 14-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-01-2022 | 14-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ജയകുമാർ പാലോളി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിശ.ആർ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ.കെ.എസ്, ഓഡിറ്റർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ടി. വത്സല | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ഷാനവാസ്.ഇ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 11-07-2019 |
| ശ്രീ. കെ.പി.എം.നവാസ് | സെക്രട്ടറി | 12-07-2019 | 30-11-2019 |
| ശ്രീ. ഷാജി.എസ് | സെക്രട്ടറി | 30-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ദിലീപ് കുമാർ. ടി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സ്മിതമോൾ. സി | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. നിത്യ കെ എസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. മുഹമ്മദ് മുസ്തഫ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.ഭാഗ്യശ്രീ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി. ഷറീന. ഒ. | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി. ഷൈജ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 19-12-2019 |
| ശ്രീമതി. റസിയ.കെ.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 19-12-2019 | 31-03-2020 |
| ശ്രീമതി. ബിന്ദു.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ. ഷാനവാസ്.ഇ | അസി. സെക്രട്ടറി | 01-04-2019 | 25-07-2019 |

| | | | |
|---|---|---|---|
| ശ്രീമതി. ഗംഗാഭായ്.കെ.ടി | അസി. സെക്രട്ടറി | 26-07-2019 | 31-03-2020 |
| ശ്രീമതി. ദീപ്തി.ഇ.കെ | അസി. എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ബീന.ടി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി. സബീന | വി.ഇ.ഒ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shibin K S (Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-1 |
| 2 | ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Shibin K S (Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-1-1 |
| 3 | തനത് വരുമാനം-ബജറ്റ് എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shibin K S (Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: Shibin K S (Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-2 |
| 5 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-2-1 |
| 6 | സാമ്പത്തിക വിശകലനം<br>Written By: Shibin K S (Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-4 |
| 8 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-4-1 |
| 9 | പദ്ധതി അവലോകനം<br>Written By: Jayakumar Paloli (Asst. Audit Officer, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-5 |
| 10 | തൊഴിലുറപ്പ്പദ്ധതി<br>Written By: Jayakumar Paloli (Asst. Audit Officer, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-6 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: Shibin K S (Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-7 |
| 12 | വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം<br>Written By: Shibin K S (Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-7-1 |
| 13 | ക്യാഷ് പരിശോധന<br>Written By: Shibin K S (Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം<br>Written By: Jayakumar Paloli (Asst. Audit Officer, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-9 |
| 15 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Rency E (Auditor, On 14-01-2022) | 1-10 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 21-01-2022) | |
| 16 | ലൈസൻസ് ഫീസ് രജിസ്റ്ററിലെ അപാകതകൾ<br>Written By: Rency E (Auditor, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-11 |
| 17 | മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Rency E (Auditor, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-12 |
| 18 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു - നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Shibin K S (Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-13 |
| 19 | 12 ച.മി യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ -വിശദീകരണം തേടുന്നത് -സംബന്ധിച്ച്<br>Written By: Shibin K S (Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-14 |
| 20 | സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി നിർണ്ണയത്തിൽ റോഡുകൾ തെരെഞ്ഞെടുക്കാൻ കഴിയുന്നില്ല<br>Written By: Shibin K S (Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-15 |
| 21 | പൊതുമരാമത്ത് പദ്ധതികളുടെ എണ്ണക്കൂടുതൽ കാരണം നിർവ്വഹണത്തിലെ ഗുണനിലവാരം ഉറപ്പ് വരുത്താൻ കഴിയുന്നില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-16 |
| 22 | മേഖലയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളില്ലാതെ പൊതുമരാമത്ത് പദ്ധതികൾ രൂപീകരിച്ചു നടപ്പാക്കുന്നു.<br>Written By: Jayakumar Paloli (Asst. Audit Officer, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-17 |
| 23 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: Jayakumar Paloli (Asst. Audit Officer, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-18 |
| 24 | വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കുംനൽകുന്നു - പഞ്ചായത്തിന് നഷ്ടം<br>Written By: Jayakumar Paloli (Asst. Audit Officer, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-19 |
| 25 | സമ്മർ വെക്കേഷൻ ക്യാമ്പ് പങ്കെടുത്തവരുടെ വിശദാംശങ്ങൾ ലഭ്യമല്ല.<br>Written By: Disha R.K (Asst. Audit Officer, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-20 |
| 26 | കുടിവെള്ള വിതരണം നടത്തിപ്പിലെ അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-21 |
| 27 | ഐ.കെ.എം വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: T.K.Latha (Senior Grade Auditor, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-22 |
| 28 | ബഡ്സ് സ്കൂളിന് - വഴി സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.<br>Written By: T.K.Latha (Senior Grade Auditor, On 14-01-2022) | 1-23 |

| | | |
|---|---|---|
| | Last Updated By: T.K.Latha (Senior Grade Auditor, On 21-01-2022) | |
| 29 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-24 |
| 30 | പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നില്ല.<br>Written By: Disha R.K (Asst. Audit Officer, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-25 |
| 31 | പുളി ബസാർ-പൊയിൽ താഴം കുനിയിൽ താഴം റോഡ് പ്രവൃത്തിക്ക് തുക ഡെപ്പോസിറ്റ് ചെയ്തു -വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.<br>Written By: T.K.Latha (Senior Grade Auditor, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-26 |
| 32 | നടപ്പിലാക്കുന്ന പ്രോജക്ടുകളിൽ കൃത്യമായ മോണിറ്ററിംഗ് നടത്തുന്നില്ല<br>Written By: Disha R.K (Asst. Audit Officer, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shibin K S (Auditor, On 10-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: Shibin K S (Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shibin K S (Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Shibin K S (Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shibin K S (Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shibin K S (Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shibin K S (Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shibin K S (Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് 07.02.2019 തീയതിയിലെ നമ്പർ 1 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളുടെയും യഥാർത്ഥ വരവ് ചെലവുകളുടെയും ഒരു താരതമ്യം താഴെ കൊടുത്തിരിക്കുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ | യഥാർത്ഥ വരവ് ചെലവ് കണക്കുകൾ |
|---|---|---|
| മുൻബാക്കി | 67,50,250 | 1,62,41,392 |
| വരവ് | 23,40,30,000 | 7,38,07,114 |
| ആകെ | 24,07,80,250 | 9,00,48,506 |
| ചെലവ് | 23,71,68,000 | 7,31,29,526 |
| നീക്കിയിരിപ്പ് | 36,12,250 | 1,69,18,980 |

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ കരട് ബജറ്റ് തയ്യാറാക്കിയതിന് വിശദമായ ചർച്ച നടന്നതായി കാണുന്നില്ല. വരുമാനത്തിലും ചെലവിലും കാലാകാലങ്ങളിലുണ്ടായ വ്യതിയാനങ്ങൾക്കനുസരിച്ച് അതാതു സമയങ്ങളിൽ ബജറ്റ് പുതുക്കുന്നതായി കാണുന്നില്ല. ബജറ്റ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ട ആവശ്യമായ സാഹചര്യങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ, പുതുക്കിയതോ ആയ ബജറ്റ് തയ്യാറാക്കി അതാത് സമയങ്ങളിൽ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ് (സെക്ഷൻ 214). ബജറ്റ് പ്രകാരം വരവ് 23.4 കോടിയും യഥാർത്ഥ വരവ് 7.38 കോടിയുമാണ്. ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവ് 23.71 കോടിയും യഥാർത്ഥ ചെലവ് 7.31 കോടിയുമാണ്. സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ തീരുമാനിക്കുന്ന രേഖയെന്ന നിലയിൽ ബജറ്റിനുള്ള പ്രാധാന്യം സ്ഥാപനം തിരിച്ചറിയേണ്ടതും തുടർ വർഷം മുതൽ അർഹിക്കുന്ന പ്രാധാന്യത്തോടെ ബജറ്റിനെ സമീപിക്കേണ്ടതുമാണ്.

### 1-1-1 ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ

ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ടെങ്കിലും, നടപടിക്രമങ്ങളുടെ രേഖപ്പെടുത്തൽ ഉണ്ടായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നടപടിക്രമങ്ങൾ | സമയം | സ്ഥിതിവിവരം |
|---|---|---|
| വിവിധ സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടത് | ഡിസംബർ 15-ന് മുമ്പ് | വിളിച്ച് ചേർത്തതായി കാണുന്നില്ല. |
| സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത് | ജനുവരി 15-ന് മുമ്പ് | ബജറ്റ് രേഖകളായി ഫയലിൽ സൂക്ഷിക്കാത്തതിനാൽ നിർവഹണ ഉദ്യോഗസ്ഥർ സെക്രട്ടറിക്ക് നൽകിയോയെന്ന് വ്യക്തമല്ല. |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22-ന് മുമ്പ് | 18.12.2018ന് നടന്ന വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ബജറ്റ് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചർച്ച നടത്തിയതായി മിനുട്സിൽ ഇല്ല. 29.11.2018ന് നടന്ന ക്ഷേമകാര്യ |

| | | |
|---|---|---|
| | | സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ബജറ്റ് നിർദ്ദേശങ്ങൾ നൽകുന്നതിന് ചെയർമാൻ ശ്രീ. ഇസ്മായിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും ചർച്ച ചെയ്ത നിർദ്ദേശങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.<br>18.12.2018ന് നടന്ന ആരോഗ്യ വിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ബജറ്റ് നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുമ്പ് | ബജറ്റ് രേഖകളായി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പാക്കാനായില്ല. |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുമ്പ് | 04.02.2019 ന് നടന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ബജറ്റ് അംഗീകരിച്ച് ഭരണസമിതിക്ക് മുമ്പാകെ സമർപ്പിക്കാൻ തീരുമാനിച്ചു. |
| കരട് ബജറ്റ് ചർച്ച | മാർച്ച് 7-ന് | 06-02-2019ന് നടന്ന സാധാരണ |

| | | |
|---|---|---|
| ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മുമ്പ് | യോഗത്തിൽ ചർച്ച ചെയ്തു. |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31 -ന് മുമ്പ് | 07-02-2109 നടന്ന സാധാരണ യോഗത്തിൽ അംഗീകരിച്ചു. |

1-1-2 തനത് വരുമാനം-ബജറ്റ് എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നില്ല

2019-20 വർഷത്തിൽ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വാർഷികകണക്കുകൾ പ്രകാരമുള്ള വരുമാനവുമായുള്ള വിടവ് ഇത് വ്യക്തമാക്കുന്നു. വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷികകണക്ക പ്രകാരം വരവ് |
|---|---|---|
| 110 – നികുതി വരുമാനം | 59,00,000 | 51,85,504 |
| 140 - ഫീസ് & യൂസർചാർജ്ജസ് | 27,62,000 | 8,25,266 |
| 150 - സെയിൽ &ഹയർ ചാർജ്ജസ് | 4,85,000 | 3,46,611 |
| 170- നിക്ഷേപത്തിൽ നിന്നുള്ള വരുമാനം | 1,75,000 | 98,134 |

| | | |
|---|---|---|
| 180 - മറ്റു വരവുകൾ | 27,000 | 1,23,578 |

വർക്ക് ഷീറ്റുകളുടെ അഭാവത്തിൽ മേൽ വ്യതിയാനത്തിനുള്ള കാരണം വ്യക്തമാകുന്നില്ല

ബജറ്റ് രേഖകൾ പൂർണ്ണമല്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം
2. ബജറ്റ് കുറിപ്പുകൾ
3. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും
4. പെർഫോമൻസ് ബജറ്റ്
5. ജെൻഡർ ബജറ്റ്

എന്നാൽ 2019-2020 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 17.06.2020 |

1-2-1 വാർഷിക കണക്കിലെ അപാകതകൾ

ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷത്തെ കളക്ഷൻ 13,85,780 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-1 പ്രകാരം കളക്ഷൻ തുക 13,65,280 രൂപയാണ് .

2. സ്ഥാപനത്തിൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ സൂക്ഷിക്കാത്തതിനാൽ 2019-20 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ തുകയായ 3,87,190 രൂപയുടെ കൃത്യത പരിശോധിക്കാനായില്ല. എഫ്.ടി.ഇ.എ&ഒ ലൈസൻസ് രജിസ്റ്ററിൽ ട്രേഡേഴ്സിന്റെ

തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 2019-20 വർഷത്തെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. 2019-20 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-36) ഷെഡ്യൂൾ പ്രകാരം Advance Collection Of Revenues – Licence Fees For Dangerous&Offensive Traders ഇനത്തിലെ വരവ് 1,02,580 രൂപയാണ്. എന്നാൽ കൃത്യത പരിശോധിക്കാനാവശ്യമായ രേഖപ്പെടുത്തലുകൾ 2019-20, 2020-21 വർഷങ്ങളിലെ എഫ്.ടി.ഇ.എ&ഒ രജിസ്റ്ററുകളിൽ ഇല്ല.

4. 2019-20 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-43) ഷെഡ്യൂൾ പ്രകാരം തൻവർഷത്തെ വസ്തു നികുതി(റസിഡൻഷ്യൽ) ഇനത്തിലെ കളക്ഷൻ 19,97,102 രൂപയാണ്. എന്നാൽ 2019-20 വർഷത്തെ സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷത്തെ വസ്തു നികുതി(റസിഡൻഷ്യൽ) ഇനത്തിലെ കളക്ഷൻ 20,04,028 രൂപയാണ്.

5. വസ്തു നികുതി ഇ-പെയ്മന്റ് സൗകര്യം ഉപയോഗിച്ച് നികുതി അടവാക്കുന്ന നികുതിദായകരുടെ മുഴുവൻ നികുതി തുകയും ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ, കക്കോടി, ഇ-പെയ്മെന്റ് അക്കൗണ്ട് നം.67390212194) ക്രഡിറ്റ് ആകുന്നില്ല. ഇ-പെയ്മെന്റ് റസീപ്റ്റ് സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ഓൺലൈനായി അടവാക്കിയ താഴെ പറയുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല.

| ഇ-പെയ്മന്റ് തീയതി | തുക |
|---|---|
| 28.10.2019 | 4247 |
| 11.03.2020 | 849 |
| 31.03.2020 | 320 |

6. 2019-20 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-43 പ്രകാരം Recievables For Property Tax On Residential Buildings (Arrear) 54,710/- രൂപയും, Recievables For Property Tax On Non Residential Buildings (Arrear) 31,216/- രൂപയുമാണ്. എന്നാൽ 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം ഈ ശീർഷകങ്ങളിൽ കുടിശ്ശിക കാണിച്ചിട്ടുള്ളത് യഥാക്രമം 4,121 /- രൂപയും 1,89,536/ - രൂപയും ആണ്. കൂടാതെ 2019-20 ബാലൻസ് ഷീറ്റ് B-15 പ്രകാരം വസ്തു നികുതി (റസിഡൻഷ്യൽ) അരിയർ ഇനത്തിൽ 21,212/- രൂപയും വസ്തു നികുതി (നോൺ റസിഡൻഷ്യൽ) അരിയർ

ഇനത്തിൽ 10,45,300/- രൂപയും പിരിച്ചെടുക്കാൻ ബാക്കിയുള്ളതായും കാണിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക കണക്കിലെ അപാകത വിശദീകരിക്കേണ്ടതാണ്.

7. 2019-20 വാർഷിക ധനകാര്യ പത്രിക ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-6 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായ് ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിലെ ചെലവ് 22,96,571 രൂപയാണ് . എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായ് ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിലെ ചെലവ് 23,28,325 രൂപയാണ്.

8. 2019-20 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ചർ ഇനത്തിൽ (റവന്യൂ, ക്യാപിറ്റൽ) 26,91,365/-രൂപ നീക്കിയിരിപ്പുണ്ട്. വാർഷികകണക്ക് ബി-17 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ (Treasury Special TSB JointVenture) 24,51,365/- രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

9. എം.എൻ.ആർ.ഇ.ജി.എ-യുടെ വരുമാനമായി ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-6 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക 2,71,84,389 രൂപയാണ്. എന്നാൽ എം.എൻ.ആർ.ഇ.ജി.എ. യുടെ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം വരുമാനം ₹3,32,52,000/-ആണ്. ₹60,67,611/- രൂപയുടെ വ്യത്യാസമുണ്ട്.

10. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 5,440/- രൂപയുടെ സ്റ്റോർസ് 2019-20 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

11. 2019-20 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി 5 സ്റ്റേറ്റ്മെന്റ് പ്രകാരം കെ.യു.ആർ.ഡി.എഫ്.സി യിൽ തിരിച്ചടയ്ക്കാനായി 1,42,21,462/- രൂപ ഉണ്ട്. എന്നാൽ ലോൺ തിരിച്ചടവ്, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

12. ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ കണക്കാക്കിയത് വർക്ക് ഷീറ്റ് ഇല്ലാതെയാണ്.

13. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-16 ഷെഡ്യൂൾ പ്രകാരം പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

14. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ

എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,62,41,392 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,38,07,114 |
| ആകെ | 9,00,48,506 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,31,29,526 |
| നീക്കിയിരിപ്പ് | 1,69,18,980 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,63,84,247 | 1,63,84,247 | 1,31,94,940 | 31,89,307 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1,14,37,235 | 1,14,37,235 | 85,84,083 | 28,53,152 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 5,02,000 | 5,02,000 | 1,89,041 | 3,12,959 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1,09,17,000 | 1,09,17,000 | 68,73,068 | 40,43,932 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 55,03,000 | 55,03,000 | 19,26,733 | 35,76,267 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 1,33,12,282 | 1,33,12,282 | 55,79,786 | 77,32,496 |
| എസ്.എസ്.എ | 1,51,323 | 0 | 1,51,323 | 0 | 1,51,323 |
| ഐ.സി.ഡി.എസ് | 8,31,553 | 3,02,168 | 11,33,721 | 9,40,373 | 1,93,348 |

| | | | | | |
|---|---|---|---|---|---|
| സാക്ഷരത | 1,490 | 0 | 1,490 | 0 | 1,490 |
| എം.പി.ഫണ്ട് | 26,820 | 9,02,078 | 9,28,898 | 9,00,000 | 28,898 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), ധനകാര്യകമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട്-റോഡ്, മെയിന്റനൻസ് ഫണ്ട്-നോൺറോഡ്, എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 5,99,97,012 | 2,00,86,467 |
| വികസനഫണ്ട് (എസ്.സി.പി) | 6,58,80,664 | 1,36,80,264 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1,53,62,000 | 1,49,12,000 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 1,34,39,000 | 1,30,39,000 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ് | 67,28,000 | 62,28,000 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട്(എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ് ,മെയിന്റനൻസ്

ഗ്രാന്റ് -റോഡ്, മെയിന്റനൻസ് ഗ്രാന്റ് – നോൺറോഡ് ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3)ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീമിന്റെ (കേന്ദ്രാവിഷ്കൃത ഫണ്ട്) വരവായി ഉൾപ്പെടുത്തിയ തുക(1,72,75,250) വാർഷിക കണക്കിലെ തുകയുമായി(3,02,168) പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പാലിക്കേണ്ട നടപടിക്രമങ്ങളും ചുമതലകളും സംബന്ധിച്ച് 29.01.2018 ലെ ജി.ഒ.(എം.എസ്) 11/2018.ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലുമുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകളും മേൽ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം രൂപീകരിച്ചിട്ടുണ്ട് എന്ന് മിനുട്സ് ബുക്കുകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പദ്ധതിരൂപീകരണ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 2019-20 വർഷത്തേക്കുള്ള പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് 26.10.18, 30.12.18, 27.02.20 എന്നീ തീയതികളിൽ മാത്രമാണ്. ഈ യോഗങ്ങളിൽ ഓരോ മേഖലകളിലെയും നിലവിലെ സ്ഥിതി അവലോകനം ചെയ്തതായി കാണുന്നില്ല. ഏതാനും പദ്ധതി നിർദ്ദേശങ്ങൾ നൽകുക എന്നതിൽ കവിഞ്ഞ് മറ്റ് ചർച്ചകൾ നടന്നതായി വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ പദ്ധതി രൂപീകരണ പ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകൾക്ക് പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടില്ല.
2. വികസന സെമിനാർ 03.07.20 ന് നടന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിലെ അവസ്ഥ സംബന്ധിച്ച് അവലോകനം നടത്തിയതായി കാണുന്നില്ല.
3. വിവിധ വിഭവസമാഹരണ സാദ്ധ്യതകൾ പരിഗണിച്ച് പദ്ധതിയുടെ അടങ്കൽ തുക, തദ്ദേശഭരണ സ്ഥാപനത്തിന്റെ മുൻഗണനകൾ എന്നിവ പരിഗണിച്ച് ഓരോ വിഷയമേഖലയിലേക്കും ഉപമേഖലക്കും വകയിരുത്താവുന്ന അടങ്കൽ തുക പ്രമേയം മുഖേന ഭരണസമിതി തീരുമാനിക്കുകയോ,

സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് നിർദ്ദേശം നൽകുകയോ, അതനുസരിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റികൾ വർക്കിംഗ് ഗ്രൂപ്പുകളോട് പദ്ധതി രൂപീകരിക്കാൻ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല.

4. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. നടപ്പുപദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല.

5. പദ്ധതി നടത്തിപ്പ് മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നടന്നിട്ടില്ല. 26.10.18, 30.12.18, 27.02.20 എന്നീ തീയതികളിലാണ് തൻവർഷം വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ചേർന്നിട്ടുള്ളത്. ഈ യോഗങ്ങളിലൊന്നും വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നടത്തിപ്പ് മോണിട്ടറിംഗ് നടത്തിയിട്ടില്ല.

6. വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ പല യോഗങ്ങളുടെയും മിനുട്സുകൾ എഴുതി പൂർത്തീകരിച്ചതായി കാണുന്നില്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി പദ്ധതിരൂപീകരണം നടത്തിയതിനും പദ്ധതികൾ നടപ്പാക്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതും. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷത്തിൽ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 258 | 150 | 43 | 65 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 258 പ്രോജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 150 പ്രോജക്ടുകൾക്ക് തുക വിനിയോഗിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പ്രോജക്ടുകൾക്കായി 124985557 രൂപ വകയിരുത്തിയതിൽ 56649150 രൂപ മാത്രമേ പ്രോജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളു. യഥാസമയം പ്രോജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക വിനിയോഗിക്കാൻ കഴിയാതെ

ലാപ്സായിട്ടുണ്ട്.

സുലേഖ ചെലവ് വിവരങ്ങൾ പ്രകാരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഓഡിറ്റ് വർഷത്തെ പദ്ധതി നിർവ്വഹണം താഴെ പറയും പ്രകാരമാണ് .

| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | രൂപീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയവയുടെ എണ്ണം | നടപ്പാക്കാത്തവയുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 9 | 2 | 3504000 | 2357614 | 67.28 |
| വെറ്റിനറി സർജൻ | 8 | 8 | 0 | 3644050 | 1667803 | 45.76 |
| മെഡിക്കൽ ഓഫീസർ | 6 | 6 | 0 | 827988 | 798312 | 96.41 |
| ഹോമിയോ മെഡിക്കൽ ഓഫീസർ | 2 | 2 | 0 | 230000 | 212360 | 92.33 |
| ആയൂർവേദ മെഡിക്കൽ ഓഫീസർ | 2 | 2 | 0 | 615485 | 600000 | 97.48 |
| വി.ഇ.ഒ | 5 | 5 | 0 | 8511291 | 4660000 | 54.75 |
| വി.ഇ.ഒ | 5 | 4 | 1 | 30837114 | 10524289 | 34.12 |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 5 | 2 | 3 | 6493785 | 5217176 | 80.34 |
| സെക്രട്ടറി | 42 | 21 | 21 | 16205723 | 8071487 | 49.80 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 150 | 77 | 73 | 47491879 | 17740187 | 37.35 |

| | | | | | | |
|---|---|---|---|---|---|---|
| ഹെഡ്മാസ്റ്റർ | 9 | 4 | 5 | 1559300 | 968001 | 62.07 |
| ഡയറിഫാം ഇൻസ്പെക്ടർ | 2 | 2 | 0 | 1550000 | 1450000 | 93.54 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 8 | 3 | 3514942 | 2381930 | 63.76 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവ് പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ 150 പ്രോജക്ടുകൾക്കായി വിവിധ ഫണ്ടുകളിൽ നിന്നായി വകയിരുത്തിയ 47491879 രൂപയിൽ 17740187 രൂപ മാത്രമാണ് ചെലവഴിച്ചത്. ഏറ്റെടുക്കുന്ന പൊതുമരാമത്ത് പദ്ധതികളുടെ എണ്ണക്കൂടുതൽ രൂപീകരിച്ച പദ്ധതികളിൽ ഭൂരിഭാഗവും തൻവർഷം തന്നെ പൂർത്തീകരിച്ച് ചെലവ് ചെയ്യാൻകഴിയാതെ അനുവദിച്ച ഫണ്ട് തൻവർഷം നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കിയിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ്പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിൽ കൂടുകയും ഇത് പ്രകാരം ലേബർ ബഡ്ജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 ലെ ലേബർ ബഡ്ജറ്റ് മൂന്ന് കോടി രൂപ ചെലവിൽ 444 പ്രവൃത്തികളിൽ നിന്നായി 71675 തൊഴിൽ ദിനങ്ങളാണ ലക്ഷ്യമിട്ടത്. ഓഡിറ്റ് വർഷം 198 പ്രവൃത്തികൾ നടപ്പാക്കുകയും അൺസ്കിൽഡ് ലേബർ ഇനത്തിൽ മാത്രം 2536900/- രൂപ തൊഴിലാളികൾക്ക് കൂലിയിനത്തിൽ നൽകാനും പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. 21 വാർഡുകളിലും പദ്ധതി നിർവ്വഹണം സംബന്ധിച്ച സോഷ്യൽ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പ്രവൃത്തികളിൽ തൊഴിലാളികൾ പ്രവൃത്തി സമയം പാലിക്കാത്തത് സംബന്ധിച്ച് ഉയർന്ന പരാതി ഭരണസമിതി പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ലേബർ ബഡ്ജറ്റ് ലക്ഷ്യമിട്ട തിനേക്കാൾ കൂടുതൽ തൊഴിൽ ദിനങ്ങളും, തൊഴിലാളി കൂലിയും തൻവർഷം നൽകാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും തൻവർഷം റിവൈസ്ഡ് ലേബർ ബഡ്ജറ്റ് തയ്യാറാക്കിയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 131142 | 2113334 | 224476 | 2155571 | 88905 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (എം.ഐ.എസ്. റിപ്പോർട്ട് പ്രകാരം) | 18.07 | 304.42 | 329.49 | 329.39 | 100.5 |

(ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കുമായി പൊരുത്തപ്പെടുന്നില്ല. എന്നാൽ മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്.)

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 62,520 | 69 |
| കർഷക തൊഴിലാളി പെൻഷൻ | 35,57,400 | 1238 |
| വിധവാ പെൻഷൻ | 96,64,800 | 3315 |
| വാർദ്ധക്യകാല പെൻഷൻ | 1,70,99,100 | 5960 |
| വികലാംഗ പെൻഷൻ | 23,37,100 | 772 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 14,19,000 | 4991 |
| വിവാഹ ധനസഹായം | 1,80,000 | 6 |

### 1-7-1 വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം

ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ

രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|---|
| 1 | ലീല, നഞ്ചനാത്ത് താഴത്ത് | വിധവ പെൻഷൻ | 03.04.2019 | 03.07.2019 |
| 2 | ഷീജാറാണി, കേളോത്ത് മീത്തൽ | | 09.04.2019 | 03.07.2019 |
| 3 | ഫാത്തിമത്ത് സുഹറ, കരുമ്പാരുകണ്ടിയിൽ | | 10.04.2019 | 03.07.2019 |
| 4 | പ്രസന്ന, അനുകല | കർഷക ത്തൊഴിലാളി പെൻഷൻ | 04.04.2019 | 03.07.2019 |
| 5 | രജീന്ദ്രൻ, കൊരഞ്ഞിക്കണ്ടിതാഴത്ത് | ശാരീരിക വെല്ലുവിളി | 06.04.2019 | 26.07.2019 |

| | | | | |
|---|---|---|---|---|
| 6 | ബുഷറ, മാരാംപറമ്പത്ത് മീത്തൽ | നേരിട്ടുന്ന വർക്കുള്ള പെൻഷൻ | 09.04.2019 | 26.07.2019 |
| 7 | ബാബു.സി.എം, ചീനച്ചേരിമീത്തൽ | | 06.05.2019 | 26.07.2019 |
| 8 | ഹരിദാസൻ, തിരുവോത്ത് കണ്ടിയിൽ | വാർദ്ധക്യകാല പെൻഷൻ | 08.04.2019 | 19.08.2019 |
| 9 | സുബൈദ, നെല്ല്യാത്ത് | | 11.04.2019 | 06.08.2019 |
| 10 | അബ്ദുൾ അസീസ്, ബൈത്തുൾ ഹസ്ന | | 08.05.2019 | 23.07.2019 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ അന്വേഷണം നടത്തി അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. കർഷക തൊഴിലാളി പെൻഷന് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്.

ചേളന്നൂർ ഗ്രാമപഞ്ചായത്തിൽ സാമൂഹ്യസുരക്ഷാ പെൻഷൻ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. 01.04.2019 മുതൽ 31.03.2020 വരെ സ്ഥാപനത്തിൽ ലഭിച്ച പെൻഷൻ അപേക്ഷകളുടെ വിവരങ്ങളും തുടർനടപടികളും രജിസ്റ്ററുകളിൽ എഴുതി ചേർത്തിട്ടില്ല. 2019 ജൂലായ് മാസം വരെയുള്ള പെൻഷൻ അപേക്ഷകളുടെ വിവരങ്ങൾ മാത്രമാണ് പ്രിന്റൌട്ട് എടുത്ത് രജിസ്റ്ററുകളോടൊപ്പം സൂക്ഷിച്ചിട്ടുള്ളത്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-01-2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 58 രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

മുൻവർഷ ഓഡിററ് റിപ്പോർട്ടിൽ ചൂണ്ടികാണിച്ച ആഭ്യന്തരനിയന്ത്രണ

സംവിധാനങ്ങളിൽ ചൂണ്ടികാണിച്ച അപാകതകൾ ഓഡിറ്റ് കാലയളവിലും പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. ക്യാഷ്ബുക്ക് ഡേബുക്ക് എന്നിവ ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവരാവകാശ രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റമറ്റരീതിയിൽ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല.വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരിക മാക്കിയിട്ടുണ്ട്. മുൻകാല ഓഡിറ്റു റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഊർജിതമായ നടപടികൾ ഉണ്ടായിട്ടില്ല. 1998-99 മുതൽ 18-19 വരെയുള്ള കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. ഇനി ശ്രദ്ധിക്കുന്നതാണ് എന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഒഴിവാക്കി നൽകിട്ടുണ്ടെങ്കിലും നിലവിലും സമാന അപാകതകൾ തുടർന്നു വരുന്ന പ്രവണതയുണ്ട്. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് ഭാഗികമായി മറുപടി ലഭ്യമാക്കുന്ന പ്രവണത ഒഴിവാക്കി മുഴുവൻ ഖണ്ഡികകൾക്കും മറുപടി ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി & ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ടു ചെയ്യാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടുതന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ് പ്രപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ

അംഗീകരിച്ചു നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-10 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2019-20 സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം സ്ഥാപന പരിധിയിൽ വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 1966 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഇതിൽ നിന്നും വേക്കൻസി റമിഷൻ അനുവദിക്കപ്പെട്ടതും, നികുതി എഴുതി തള്ളിയതും ആയ കെട്ടിടങ്ങളുടെ എണ്ണം യഥാക്രമം 72,37 ആണ്. കൂടാതെ ആകെ അനുവദിക്കപ്പെട്ട FTEA & O ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 526 ആണ്. ഓഡിറ്റ് വർഷത്തിൽ 492 പേർക്ക് മാത്രമാണ് FTEA & O ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ലൈസൻസ് ഇല്ലാതെ വാണിജ്യ, വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് മേൽ പൊരുത്തക്കേട് വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനത്തോടൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർവ്വം കാണേണ്ടതാണ്. ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുക എന്നത് കുറ്റകരമായ പ്രവർത്തിയാണ്. അടിയന്തിരമായി ഫീൽഡ് പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരക്കേണ്ടതുമാണ്. സർക്കാരിന്റെ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിന്റെ ഭാഗമായി സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി വിവിധ നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട് ടി ഉത്തരവുകൾ പരിശോധിച്ച് ബിസിനസ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കേണ്ടതാണ്.

### 1-11 ലൈസൻസ് ഫീസ് രജിസ്റ്ററിലെ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. നിയമം 233 ചട്ടം 18, 19, 20, 21 പട്ടിക III, IV എന്നിവ പ്രകാരം വൈദ്യുതി ഉപയോഗിച്ചോ അല്ലാതെയോ യന്ത്രങ്ങൾ പ്രവർത്തിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കേണ്ടതാണ് (മെഷീൻ റണ്ണിംഗ് ഫീസ്).

ലൈസൻസ് ഫീസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു

1. യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്ന പല സ്ഥാപനങ്ങളും മോട്ടോർ ഉപയോഗിക്കുന്നുണ്ടെങ്കിലും എത്ര കുതിര ശക്തിയാണ് എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

2. വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ ഓഡിറ്റ് വർഷം ഏതെങ്കിലും സ്ഥാപനം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമല്ല.

3. പല സ്ഥാപനങ്ങളുടെയും വാർഡ് നമ്പർ, കെട്ടിട നമ്പർ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

4. ലൈസൻസ് ഫീ, മോട്ടോർ റണ്ണിങ്ങ് ഫീ എന്നിവ ഈടാക്കുന്നതിന്റെ മാനദണ്ഡം (ബൈലോ) വ്യക്തമല്ല.

5. പെട്രോൾ പമ്പുകൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ എക്സ്പ്ലോസീവ് ലൈസൻസ്, PESO (Petroleum And Explosive Safety Organisation) യുടെ ലൈസൻസ് എന്നിവ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

6. മെഡിക്കൽ സ്റ്റോറുകൾക്ക് ലൈസൻസ് നൽകുമ്പോൾ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ലൈസൻസ് ലഭ്യമാക്കുന്നുണ്ടോ എന്ന് വ്യക്തമല്ല.

7. പൗൾട്രി ഫാമുകൾക്ക് ലൈവ് സ്റ്റോക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് നൽകുന്നുണ്ടോ എന്ന് വ്യക്തമല്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകുന്ന തരത്തിലും മലിനീകരണം ഉണ്ടാകുന്ന തരത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/2019-20 തീയതി 14/01/2022ന്റെ മറുപടി ലഭ്യമാക്കിയിട്ടില്ല.

1-12 മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | ഏറ്റെടുത്ത പ്രവർത്തിയുടെ എണ്ണം |
|---|---|---|
| 1 | വിനോദ്.എം | 9 |
| 2 | സുനി.എം | 7 |
| 3 | ഉ്ഉഉ.എം.വി | 11 |
| 4 | അഷ്റഫ്.വി | 17 |
| 5 | രാമചന്ദ്രൻ.എം | 10 |
| 6 | ഭരതൻ | 3 |
| 7 | ബാദുഷ | 1 |
| 8 | സുനിൽ കുമാർ | 1 |
| 9 | ജനപ്രിയ ലേബർ കോൺട്രാക്ട് | 3 |

| | | |
|---|---|---|
| 10 | അശോകൻ.എം | 1 |
| 11 | ശശീന്ദ്രൻ.പി | 2 |
| 12 | ബഷീർ | 1 |
| 13 | സുഗദൻ.കെ | 1 |
| 14 | ഉണ്ണികൃഷ്ണൻ.വി.കെ | 1 |
| 15 | ഷിബു.കെ.പി | 3 |
| 16 | ഗിരീഷ് കുമാർ | 1 |
| 17 | അഖിൽ ഗോവിന്ദ് | 2 |
| 18 | സാദിഖ്അലി | 1 |
| 19 | സുധാകരൻ | 1 |
| 20 | സുരേഷ് ബാബു | 2 |
| 21 | അഞ്ജന കൺസ്ട്രക്ഷൻസ് | 1 |
| 22 | കാലിക്കറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1 |
| 23 | ശശിധരൻ.പി | 3 |
| 24 | കോഴിക്കോട് ജില്ല ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 06/2019-20 തീയതി 13/01/2022ന മറുപടി ലഭ്യമാക്കിയിട്ടില്ല.

1-13 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു - നികുതി നഷ്ടം സംഭവിക്കുന്നു

ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ സംരംഭക ലൈസൻസ് രജിസ്റ്റർ പ്രകാരം 492 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണയിക്കുമ്പോൾ കണക്കാക്കേണ്ടത്. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ സംരംഭക ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ പരിശോധിച്ചപ്പോൾ, തെറ്റായി കാണിച്ചതും സഞ്ചയയിൽ രേഖപ്പെടുത്താത്തതും ശ്രദ്ധയിൽപെട്ടു.

| ഡി&ഒ ലൈസൻസ് രജിസ്റ്ററിലെ അപേക്ഷ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | രജിസ്റ്റർ പ്രകാരം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരം | സഞ്ചയ പ്രകാരം കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗ ക്രമം |
|---|---|---|---|---|
| 17 | 6/196 | പലചരക്ക് കച്ചവടം | രാധാകൃഷ്ണൻ നായർ, പുനത്തിൽ, ചേളന്നൂർ | പാർപ്പിടാവശ്യം |
| 83 | 13/290 | ഹാർഡ് വെയർ | നളിനി, ശങ്കരനാരായണൻ | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| | | കച്ചവടം | തൈക്കണ്ടിയിൽ, ചേളന്നൂർ | |
| 103 | 6/514 | പലചരക്ക് കച്ചവടം | മുഹമ്മദ് കോയ, ഫാത്തിമാസ്, ചേളന്നൂർ | പാർപ്പിടാവശ്യം |

ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി വാണിജ്യാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതായി ഇതിൽ നിന്നും വ്യക്തമാവുന്നു. ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ വിവരം കെട്ടിടഉടമ ഗ്രാമപഞ്ചായത്തിൽ അറിയിക്കാത്തതാണ് അപാകതയ്ക്ക് കാരണമാകുന്നത്. ലൈസൻസ് അപേക്ഷകളിൽ ഫീൽഡ് പരിശോധന കാര്യക്ഷമമല്ലാത്തതും അപാകതയ്ക്ക് കാരണമാവുന്നു. ഇത് കാരണം ഗ്രാമപഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നതിന് കാരണമാകുന്നു. ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തി അത്തരം കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയവയുടെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

1-14 12 ച.മി യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ -വിശദീകരണം തേടുന്നത് -സംബന്ധിച്ച്

സഞ്ചയയിൽ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അസസ്മെന്റ് (ഫോറം 6), പരിശോധിച്ചപ്പോൾ 12ച.മി. വരെ വിസ്തൃതിയുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള 33 കെട്ടിടങ്ങൾ ഉള്ളതായി കണ്ടെത്തി. എതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 4/97 A | 9.6 ച.മീ | രവീന്ദ്രൻ, കാക്കകുഴിയിൽ, |

| | | | |
|---|---|---|---|
| | | | ചേളന്നൂർ |
| 2 | 3/593 | 11.05 ച.മീ | ചന്തുക്കുട്ടി, മലയിൽ, കണ്ണങ്കര |
| 3 | 6/302 | 9.16 ച.മീ | ബിന്ദു, എടോളിമീത്തൽ, കാക്കൂർ |
| 4 | 9/78 | 6.6 ച.മീ | പ്രശാന്ത്, ചെറൂത്ത് താഴത്ത്, പാലത്ത് |
| 5 | 12/591 | 8.06 ച.മീ | അബ്ദുറഹിമാൻ.പി, കറുത്തേടത്ത്, കൊമ്മേരി, ചേളന്നൂർ |
| 6 | 21/365 | 9.1 ച.മീ | രാജൻ ബാബു, മൈലക്കാട്ട്, കണ്ണങ്കര |

മേൽ കെട്ടിടങ്ങളുടെയെല്ലാം വിസ്തൃതി വാണിജ്യ കെട്ടിടങ്ങൾക്ക് സമാനമായതാണ് കൂടാതെ ഈ കെട്ടിടങ്ങളുടെയെല്ലാം തൊട്ടടുത്തുള്ള കെട്ടിടങ്ങൾ വാണിജ്യ കെട്ടിടങ്ങളാണെന്ന് സഞ്ചയ പരിശോധനയിൽ വ്യക്തമാണ്. ആയതിനാൽ തന്നെ ഇത്തരത്തിലുള്ള മുഴവൻ കെട്ടിടങ്ങളുടെയും ഉപയോഗക്രമം പരിശോധിക്കേണ്ടതും,ആയവ പാർപ്പിട ആവശ്യത്തിന് ആണ് ഉപയോഗിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ് അല്ലാത്തപക്ഷം ബാധകമായ നികുതി ചുമത്തുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-15 സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി നിർണ്ണയത്തിൽ റോഡുകൾ തെരെഞ്ഞെടുക്കാൻ കഴിയുന്നില്ല

ചേളന്നൂർ ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യതയുണ്ടെന്ന് നികുതി നിർണ്ണയ നടപടിക്രമം പരിശോധിച്ചതിൽ വ്യക്തമാവുന്നു. സോഫ്റ്റ് വെയറിൽ സ്ഥാപനത്തിലെ 123 റോഡുകളുടെ പേരുവിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി നിർണ്ണയിക്കുമ്പോൾ ഓരോ വാർഡിലേയും റോഡുകളുടെ പേരുകൾ ഫീൽഡിൽ ഓപ്ഷനായി വരുന്നില്ല. ചില വാർഡുകളുടെ കാര്യത്തിൽ ഒറ്റ റോഡും വരാതിരിക്കുമ്പോൾ ചില വാർഡുകളുടെ കാര്യത്തിൽ ഒന്നോ രണ്ടോ റോഡ് മാത്രം ഓപ്ഷനായി വരുന്നു. ഇത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കുമാർ 'മറ്റുള്ളവ' എന്ന് ഓപ്ഷൻ

തെരെഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരം മാന്വൽ ഇൻപുട്ടാണ് 90% നികുതി നിർണ്ണയത്തിലും നടക്കുന്നത്. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാലു ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയാണ് ഈ ഓപ്ഷനുകൾ. നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ, ആദ്യ ഫീൽഡിൽ രേഖപ്പെടുത്തിയ റോഡ്, മേല്പറഞ്ഞതിൽ ഏതു തരമാണെന്ന് ഒന്നുകിൽ സ്വയം തീരുമാനിക്കുകയോ, അല്ലെങ്കിൽ സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വീതി സ്വീകരിക്കുകയോ ആണ് ചെയ്യുന്നത്. മിക്ക റോഡുകളും ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ എന്ന ഓപ്ഷനാണ് തെരെഞ്ഞെടുക്കപ്പെടുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. റോഡിന്റെ യഥാർത്ഥ വീതി, നീളം എന്നിവ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായിരിക്കും എന്നത് ഇവിടെ പ്രസക്തമാണ്. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് വൻ നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് കാണാം. 2011ലെ കേ.പ.രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും എന്നാതാണ് ഇതിന് കാരണം. കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവ പ്രസക്തമാകുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേയും കുറവ് വരുന്നുമുണ്ട്. യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട അഞ്ച് മീറ്ററിൽ കൂടതലുള്ള റോഡുകൾക്ക് പകരം, അതിൽ താഴെയുള്ള ഇനങ്ങൾ തെരെഞ്ഞെടുക്കുമ്പോൾ 20 ശതമാനത്തോളം നികുതി നഷ്ടം സംഭവിക്കുന്നതായി കാണാം. നികുതി നിർണ്ണയത്തെ സമൂലമായി ബാധിക്കുന്നതും സ്ഥാപനത്തിന് നഷ്ടം വരുത്തുന്നതുമായ സാങ്കേതിക പ്രശ്നം ജീവനക്കാരുടേയോ, മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരുടേയോ ശ്രദ്ധയിൽപ്പെടാത്തത് ഗുരുതരമായ വീഴ്ചയാണ്.

റോഡുകൾ എണ്ണം,തരം - സഞ്ചയ സോഫ്റ്റ് വെയർ, ആസ്തി രജിസ്റ്റർ കണക്കുകളിൽ വ്യത്യാസം

സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ എണ്ണം 123 ആണ്. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 231 റോഡുകൾ സ്ഥാപനത്തിലുണ്ട്. കൂടാതെ ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ, സ്റ്റേറ്റ്, സെൻട്രൽ എന്നീ സ്ഥാപനങ്ങളുടെ അധിനതയിലുള്ള റോഡുകളും നിലവിലുള്ളതായി കാണാം.

| റോഡുകൾ എണ്ണം,തരം | ആസ്തി രജിസ്റ്റർ | സഞ്ചയ |
|---|---|---|

| | പ്രകാരം | സോഫ്റ്റ്‌വെയർ പ്രകാരം |
|---|---|---|
| ആകെ റോഡുകളുടെ എണ്ണം | 231 | 123 |
| വീതി അഞ്ച് മീറ്ററിന് മുകളിൽ | 20 | 18 |
| വീതി ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ | 210 | 105 |
| വീതി ഒന്നര മീറ്ററിൽ കുറവ് | 1 | - |
| നീളം 1 കിലോ മീറ്ററിൽ കൂടുതൽ | 37 | 25 |

ഇക്കാര്യങ്ങൾ പരിഗണിക്കുമ്പോൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ വിവരം കൃത്യമല്ലെന്ന് കാണാം.

മേല്പറഞ്ഞതിൽ നിന്നും നാളിതുവരെ വൻനികുതി നഷ്ടം സംഭവിച്ചിരിക്കാനുള്ള സാധ്യത വെളിവാകുന്നുണ്ട്. ആകയാൽ സോഫ്റ്റ്‌വെയറിൽ ഉള്ള സാങ്കേതികമായ പ്രശ്നങ്ങൾ അടിയന്തിരമായി പരിശോധിച്ച് പരിഹരിക്കേണ്ടതാണ്. കൂടാതെ, 2011ലെ ചട്ടങ്ങൾക്ക് ശേഷം നികുതി നിർണ്ണയിച്ച പുതിയ കെട്ടിടങ്ങളുടെ നികുതിനിർണ്ണയം എല്ലാം തന്നെ പുനപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള പുരോഗതി വീഴ്ചയ്ക്കുള്ള വിശദീകരണം സഹിതം ഓഡിറ്റിന് നല്കേണ്ടതാണ്.

**1-16 പൊതുമരാമത്ത് പദ്ധതികളുടെ എണ്ണക്കൂടുതൽ കാരണം നിർവ്വഹണത്തിലെ ഗുണനിലവാരം ഉറപ്പ് വരുത്താൻ കഴിയുന്നില്ല.**

ഓഡിറ്റ് വർഷം ആകെ 150 പൊതുമരാമത്ത് പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളത്. ഇതിൽ 77 പദ്ധതികൾക്കാണ് തൻവർഷം തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. പദ്ധതികളുടെ നിർവ്വഹണം പരിശോധിച്ചതിൽ ഭൂരിഭാഗം പൊതുമരാമത്ത് പദ്ധതികളും റോഡ്, ഫുട്പാത്ത് നിർമ്മാണ പ്രവൃത്തികളും അവതന്നെ ചെറിയ ചെയിനേജിലുള്ളവയും ഭാഗിക നിർമ്മാണ പ്രവൃത്തികളുമാണ്. ഓഡിറ്റ് വർഷം പഞ്ചായത്തിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയരുടെയും രണ്ട് ഓവർസിയറുടെയും സേവനം മാത്രമാണ് ലഭ്യമായിരുന്നത്. പദ്ധതി നിർവ്വഹണത്തോടൊപ്പം തന്നെ തന്നെ പ്രതിമാസം 100ൽ കൂടുതൽ

ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിന്മേലുള്ള പരിശോധനകളും ഇവർക്ക് നിർവ്വഹിക്കേണ്ടതിനാൽ പ്രവൃത്തികളുടെ എണ്ണക്കൂടുതൽ കാരണം പദ്ധതികളുടെ നിർവ്വഹണത്തിലെ കാര്യക്ഷമത ഉറപ്പ് വരുത്താൻ കഴിയാതെ വരുന്നു. കൂടാതെ ഒരോ പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടി.എസ് വാങ്ങൽ, ടെണ്ടർ നടപടികൾ സ്വീകരിക്കൽ, കരാറിൽ ഏർപ്പെടൽ എന്നീ നടപടികളും ആവർത്തിക്കേണ്ടി വരുന്നു. ഒരു റോഡിൽ ചെറിയ ചെയിനേജിൽ പ്രവൃത്തികൾ തയ്യാറാക്കുന്നതിന് പകരം റോഡിലെ മുഴുവൻ നീളത്തിലും ആവശ്യമായ പ്രവൃത്തിൾ ഉൾപ്പെടുത്തി പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നത് വഴി പദ്ധതി നിർവ്വഹണ പ്രവൃത്തികൾ ലഘൂകരിക്കുന്നതിനും പ്രവൃത്തിസമയത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യം സൈറ്റിൽ ഉറപ്പ് വരുത്താനും കഴിയും. കൂടാതെ വലിയ അടങ്കലിലുള്ള പ്രവൃത്തികൾ തയ്യാറാക്കുന്നതിലൂടെ ടെണ്ടറുകളിൽ ക്ഷമതയുള്ള കാരാറുകാരുടെ സാന്നിദ്ധ്യവും മത്സരക്ഷമതയും ഉറപ്പുവരുത്താൻകഴിയും. ഓഡിറ്റ് വർഷം പൂർത്തീകരിച്ച പൊതുമരാമത്ത് പ്രവൃത്തി ഫയലുകളിൽ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ലാതെയാണ് ബിൽ തുക നൽകിയിരിക്കുന്നത്. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-17 മേഖലയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളില്ലാതെ പൊതുമരാമത്ത് പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നു.

വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുന്ന അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പേർട്ട്) പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്റ്റുകൾക്ക് രൂപം നൽകേണ്ടത്. എന്നാൽ തൻവർഷം പൊതുമരാമത്ത് പദ്ധതികൾ രൂപീകരിച്ചിരിക്കുന്നത് കൃത്യമായ സ്റ്റാറ്റസ് റിപ്പോർട്ടില്ലാതെയാണ്. 2019-20 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 13-12-18, 30-12-19 തീയ്യതികളിൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നതല്ലാതെ പദ്ധതി നിർദ്ദേശങ്ങളൊന്നും ചർച്ച ചെയ്തതായി മിനുട്സ് ബുക്കിൽ രേഖപ്പെടുത്തലുകളില്ല. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പിന് ആവശ്യമായ നിർദ്ദേശങ്ങളൊന്നും തന്നെ നൽകിയതായോ സമയാസമയങ്ങളിൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയോ ചെയ്തിട്ടില്ല. തൻ വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപ് മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ തന്നെ മേഖല നേരിടുന്ന നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ തൻവർഷത്തെ പൊതുമരാമത്ത് പദ്ധതി നിർവ്വഹണം വഴി സാധിച്ചിട്ടുണ്ടോ എന്ന

പരിശോധന സാധ്യമല്ലാതെ വരുന്നു. പതിമൂന്നാം പഞ്ചവത്സരപദ്ധതി വികസനരേഖ പ്രകാരം പൊതുമരാമത്ത് മേഖലയിൽ സ്വീകരിക്കേണ്ട സമീപനമായി പഞ്ചായത്തിന്റെ മൊത്തം വികസനത്തിനായി ഒറ്റയൂണിറ്റായി കണ്ടുകൊണ്ട് ജനസാമാന്യത്തിനാകെ പ്രയോജനപ്രദമായ പ്രവൃത്തികൾ പാശ്ചാത്തല മേഖലകളിലും സേവന ഉല്പാദന മേഖലകളിലും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ് എന്ന് പ്രതിപാദിക്കുന്നുണ്ടെങ്കിലും പൊതുമരാമത്ത് പ്രവൃത്തികൾ എല്ലാം തന്നെ ചെറിയ ചെയിനേജിലും അടങ്കലിലുമുള്ള റോഡ്, നടപ്പാത നിർമ്മാണ പ്രവൃത്തികളാണ്. ഇവയിൽ ഭൂരിഭാഗവും മൂന്ന് മീറ്ററിൽ കുറവ് വീതിയിലുള്ള റോഡ് നിർമ്മാണ പ്രവൃത്തികളുമാണ്. ആയതിനാൽ തന്നെ ഇത്തരം പ്രവൃത്തികൾക്കായി പഞ്ചായത്ത് തുക ചെലവഴിക്കുന്നത് വഴി ഭാവിയിൽ ഉണ്ടാകാനിടയുള്ള വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ചുള്ള ഗതാഗത സൗകര്യങ്ങൾ പഞ്ചായത്തിന് കൈവരിക്കാൻ കഴിയാതെ വരും. മേഖലയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ പദ്ധതി രൂപീകരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

1-18 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

2019-20 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഏതാനും സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രോജക്ട് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 77/19-20 | കുന്നത്ത് താഴം മാലേരിമ്മൽ റോഡ് | 400000 | 400000 |
| 282/19-20 | ചുള്ളിയാട്ട് വരിക്കാട്ടുമല റോഡ് | 500000 | 455616 |
| 119/19-20 | പുല്ലപ്രമല റോഡ് | 363378 | 363378 |

പ്രവർത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻേഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6ൽ ഇതിന്റെ ഡാറ്റാ

നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവർത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു.

കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവർത്തികൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

1-19 വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കുംനൽകുന്നു - പഞ്ചായത്തിന് നഷ്ടം

ഗ്രാമപഞ്ചായത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർ ഹെഡ്സ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണ്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE ൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് വിശദീകരിക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർ ഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം , ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.

2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.

3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.

4. മേൽ നോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.

6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം. 17-ാം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ്. ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത.എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ല ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാര തുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

1-20 സമ്മർ വെക്കേഷൻ ക്യാമ്പ് പങ്കെടുത്തവരുടെ വിശദാംശങ്ങൾ ലഭ്യമല്ല.

ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ 19-20 ലെ തനത്ഫണ്ട് വൗച്ചർ, ബിൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 24-5-19 ലെ 21900175 വൗച്ചർ പ്രകാരം 12360/രൂപ ചെലവ് വന്നിട്ടുണ്ട്. കിലയുടെ 2019/101/2719/HQDTD/ 2-5-19 കത്തിലെ നിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്ത്തല മൈനേഴ്സ് ക്യാമ്പ് സംഘടിപ്പിക്കാനും, ഇതിൽ ഓരോ വാർഡിൽ നിന്നും 5 കുട്ടികളെ വീതം പങ്കെടുപ്പിക്കാനും

നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് 15-5-19ൽ ചേളന്നൂർ സർവ്വീസ് സഹകരണബേങ്ക് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ക്യാമ്പ് ചെലവുകൾക്കായി മേൽപറഞ്ഞ പ്രകാരം തുക ചെലവഴിച്ചത്. ക്യാമ്പ് സംഘാടനം സംബന്ധിച്ച് 12360/രൂപ ഭക്ഷണം നൽകിയതിന്റെയും, സ്റ്റേഷനറി ചെലവുകളുടെയും ബില്ലുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ക്യാമ്പിൽ ഏതൊക്കെ സ്കൂളുകളിലെ കുട്ടികളാണ് പങ്കെടുത്തത്, അവരുടെ ഹാജർ ലിസ്റ്റ്, മിനുട്സിന്റെ കോപ്പി എന്നീ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. വൗച്ചർ പ്രകാരമുള്ളതുക 12360 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-21 കുടിവെള്ള വിതരണം നടത്തിപ്പിലെ അപാകതകൾ

സ.ഉ (സാധാ) നം.500/2019 ത.സ്വ.ഭ.വ 02/03/2019 ലെ ഉത്തരവ് പ്രകാരം കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ളം ഗുണനിലവാരം ഉറപ്പ് വരുത്തി ജനങ്ങൾക്ക് സൗകര്യപ്രദമായ സമയത്ത് ആവശ്യത്തിനനുസൃതമായി കുടിവെള്ളം വിതരണം നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് 11 ലക്ഷം രൂപ വരെ ചെലവഴിക്കാം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ 05.03.2019 ലെ DCKKD/2194/2019/F6 ഉത്തരവിലും ഓരോ വാഹനത്തിനും, ട്രിപ്പ് ഷീറ്റ് കർശനമായി ഉപയോഗിക്കേണ്ടതാണെന്നും, ടാങ്കറുകളിൽ ഘടിപ്പിച്ച ജി.പി.എസ് നിരീക്ഷിച്ച് ജി.പി.എസിൽ നിന്നുള്ള ട്രിപ്പ് ഷീറ്റ് അനുസരിച്ച് മാത്രമേ തുക അനുവദിക്കാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വരൾച്ചാ സമയത്ത് ക്വട്ടേഷൻ ക്ഷണിച്ച് ഭരണസമിതി അംഗീകാരത്തോടെ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി താഴെ പറയും പ്രകാരം പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട് .

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പർ | S0064/20 |
| പ്രോജക്റ്റിന്റെ പേര് | വരൾച്ചാ കുടിവെള്ള വിതരണം |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 10,00,000/- |
| ചെലവ് | 777827/- |

| | |
|---|---|
| ബിൽ നം/തീയതി തുക | 51900108/17.05.2019 - 173360<br><br>357/09.08.2019 - 6,00,000<br><br>185/09/12/19 - 4467<br><br>777827/- |

മേൽ പദ്ധതി പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ കാണുന്നു.

1. ഓപ്പൺ ടെണ്ടർ മുഖേനയാണ് കരാറുകാരനെ തെരഞ്ഞെടുത്തിട്ടുള്ളതെങ്കിലും ലഭ്യമായ 4 ടെണ്ടറുകളിൽ Below Estimate Rate ഉം, Estimate Rate എന്നിവ എന്ത് അടിസ്ഥാനപ്പെടുത്തിയാണ് ക്വാട്ട് ചെയ്തിട്ടുള്ളത് എന്നത് വ്യക്തമല്ല. എസ്റ്റിമേറ്റ് റേറ്റ് കണക്കാക്കിയിട്ടുള്ളത് 3,00,000/- അടങ്കലിന്റെ അടിസ്ഥാനത്തിലാണ് (റിവേഴ്സ് ചെയ്യുന്നതിന് മുൻപുള്ള പദ്ധതി അടങ്കൽ പ്രകാരം) ശ്രീ.സി.വി മനോജ്കുമാറിന്റെ ടെണ്ടറിൽ മാത്രമാണ് 4000 ലിറ്റർ കുടിവെള്ളം അടങ്ങുന്ന ടാങ്കിന് ഒരു കിലോമീറ്ററിന് 200/-രൂപ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളത്. ടെണ്ടർ പരസ്യത്തിൽ ടെണ്ടർ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ അളവിനാണോ, വിതരണം ചെയ്യാനെടുക്കുന്ന ദൂരത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമല്ല . ടെണ്ടർ നോട്ടീസ് ഫയലിൽ ലഭ്യമല്ല.

2. ഗ്രാമപഞ്ചായത്തിന്റെ 2019-20 ബഡ്ജറ്റ് പ്രകാരം കുടിവെള്ള വിതരണത്തിനായി വകയിരുത്തിയ തുക 5,00,000/- രൂപയാണ്. എന്നാൽ റിവൈസ് ചെയ്ത പദ്ധതിയുടെ അടങ്കൽ 10,00,000/- രൂപയും, ചെലവ് 777827/-രൂപയുമാണ്. ചെലവ് തുക ബഡ്ജറ്റിനെ അധികരിച്ചിട്ടുണ്ട്.

3. കരാറുകാരൻ ലഭ്യമാക്കിയ ജി.പി.എസ് ട്രിപ്പ് ഷീറ്റ് പ്രകാരം രാവിലെ 6 മണിമുതൽ രാത്രി 10 വരെ കുടിവെള്ളം വിതരണം നടത്തിയതായി കാണുന്നു.

4.ജി.പി.എസ് ട്രിപ്പ് ഷീറ്റ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ അല്ലാതെയും വാഹനങ്ങൾ സഞ്ചരിച്ചതായി കാണുന്നു.

5. വാർഡ് മെമ്പർ, സി.ഡി.എസ് മെമ്പർ എന്നിവരടങ്ങിയ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൽ 6 മണി മുതൽ വൈകുന്നേരം 6.30 വരെ കുടിവെള്ളം വിതരണം നടത്തിയതായും, (വാർഡ് -15, 7), വാർഡ്-3, 19 ലെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൽ ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയ ദൂരം വ്യതിയാനം ഉള്ളതായും, ആയത് പരിശോധിക്കേണ്ടതാണെന്നും രേഖപ്പടുത്തിയിട്ടുണ്ട്.

ഭരണസമിതിയുടെ 26.07.2019 ലെ 1/3 തീരുമാന പ്രകാരം കരാറുകാരന് കുടിശ്ശിക

അനുവദിക്കുന്നതിന് ആവശ്യമായ പരിശോധന നടത്തി കുടിശ്ശിക അനുവദിക്കുന്നതിന് സമിതി രൂപികരിക്കുകയും പ്രസ്തുത സമിതി ബന്ധപ്പെട്ട ഫയലിൽ പരിശോധന നടത്തി 6.30 ന് ശേഷം ഓടിയ ദൂരവും, ഗ്രാമപഞ്ചായത്ത് പരിധിയിൽ അല്ലാതെ ഓടിയ ദൂരവും കുറവ് ചെയ്ത് 11,50,000/- രൂപയിൽ അധികരിക്കാത്ത തുക കരാറുകാരന് അനുവദിക്കാവുന്നതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

കുടിവെള്ള വിതരണത്തിനായി 2017-18 സാമ്പത്തിക വർഷം പഞ്ചായത്തിന് ആകെ ചെലവായിട്ടുള്ളത് 3,41960/-രൂപയും, 2020-21 വർഷം 1,03,102/- രൂപയുമാണ് എന്നിരിക്കെ 2019-20 സാമ്പത്തിക വർഷം മാത്രം ഈ ഇനത്തിൽ 777827/- ചെലവ് വന്നതിന്റെ അടിസ്ഥാനം വ്യക്തമല്ല. പഞ്ചായത്തിൽ എത്ര കുടുംബങ്ങൾക്ക് കുടിവെള്ളലഭ്യത ഇല്ലാതെയുണ്ട് അവർക്ക് വർഷത്തിൽ എത്രഅളവിൽ വെള്ളം ആവശ്യമായിവരും എന്നീ അടിസ്ഥാന വിവരങ്ങളില്ലാതെ പദ്ധതി രൂപികരണ വേളയിൽ എന്തടിസ്ഥാനത്തിൽ ആണ് അടങ്കൽ തയ്യാറാക്കിയിരിക്കുന്നത് എന്നും വ്യക്തമാകുന്നില്ല.

അപാകതകൾ ചൂണ്ടികാണിച്ച നൽകിയ 14.01.2022 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം. 19/2019-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബഡ്ജറ്റിന് അധികരിച്ച ചെലവ് ചെയ്തതിനുള്ള വിശദീകരണവും, നിലവിൽ കുടിശ്ശിക നൽകുന്നതിന് സ്വീകരിച്ച വിവരങ്ങളും, കുടിവെള്ള വിതരണത്തിന് ചെലവായ തുക റിക്കൂപ്പ് ചെയ്തതിന്റെ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, വാർഡ് -3, 19 ലെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൽ ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയ ദൂരം വ്യതിയാനം ഉള്ളതായി പരാമർശിച്ചിട്ടും സമയബന്ധിതമായി പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതിനും മറുപടി ലഭ്യമാക്കേണ്ടതാണ്.

1-22 ഐ.കെ.എം വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് പ്രകാരം ഐ.കെ.എം സേവനങ്ങൾക്ക് തുക ഡെപ്പാസിറ്റ് ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത് . വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | S0005/20 |
| അടങ്കൽ | 1,00,000, വികസന ഫണ്ട് (സാധാരണ വിഹിതം) |

| | |
|---|---|
| ചെലവ് | 1,00,000,വികസന ഫണ്ട് (സാധാരണ വിഹിതം) |
| ബിൽ നം | 14/27-8-2019 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് വിഹിതമായി 1,00,000 രൂപ ഇൻഫർമേഷൻ കേരള മിഷന് കൈമാറിയിട്ടുണ്ട്. തുക കൈപ്പറ്റിയതായുള്ള കൈപ്പറ്റ് രസീത്, UTR നമ്പർ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ 14.01.2022ലെ ഓഡിറ്റ് എൻക്വയറി നം. 20/2019-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-23 ബഡ്സ് സ്കൂളിന് - വഴി സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് വാഹന സൗകര്യം ഒരുക്കിയ ഇനത്തിൽ ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | S0028/20 |
| പ്രോജക്ടിന്റെ പേര് | ബഡ്സ്സ് സ്കൂൾ വാഹന വാടക |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| അടങ്കൽ | 3,40,000/- (വികസന ഫണ്ട് ജനറൽ - 3,00.000<br>തനത് ഫണ്ട് - 40000) |
| ചെലവ് | 309000/-<br>(വികസന ഫണ്ട് ജനറൽ - 3,00.000 |

| | |
|---|---|
| | തനത് ഫണ്ട് - 9000) |
| ബിൽ നം/തീയതി തുക | 1. 2/19-20-/7/9/19 – 64800/-<br>2. 5/19-20-/20/9/19 – 27000/-<br>3. 6/19-20-/21/10/19 – 28800/-<br>4.12/19-20-/18/11/19 – 36000/-<br>5. 16/19-20-/20/12/19 – 37800/-<br>6. 22/19-20-/23/01/20– 28800/-<br>7.24/19-20-/23/01/20– 1300/-<br>8.30/19-20-/29/2/20 – 37800/-<br>9. 31/19-20-/29/2/20 – 1800/-<br>10. 32/19-20-/9/3/20 – 34200/-<br>11. 37/19-20/31/03/21 – 1700/-<br>12. 21901189/27. 3.20 - 9000/-<br>ആകെ 309000/- |

ഗ്രാമപഞ്ചായത്തിലെ ചേളാന്നൂർ 7/6 എന്ന സ്ഥലത്താണ് ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നത്. നിലവിൽ ഈ സ്കൂളിൽ മാനസിക - ശാരീരിക വെല്ലുവിളികൾ നേരിടുന്ന 39 വിദ്യാർത്ഥികളാണ് ഉള്ളത് . 12/01/2021 ലെ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരോടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ ബഡ്സ് സ്കൂളിൾ എത്തിചേരുന്നതിനായി വഴി സൗകര്യം ഇല്ലാ എന്നും, നിലവിൽ വാഹന സൗകര്യം ഇല്ലാത്തതിനാൽ കുട്ടികൾ ആരും തന്നെ സ്ഥാപനത്തിൽ ഹാജരാകുന്നില്ല എന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടു.

സ്ഥാപനത്തിലേക്ക് വഴി സൗകര്യം ഇല്ലാത്തതിനാൽ വളരെയേറെ ബുദ്ധിമുട്ടുകൾ സഹിച്ചാണ് മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ റോഡിൽ നിന്നും സ്ഥാപനത്തിലേക്ക് എത്തിക്കുന്നതെന്ന് ടീച്ചറും, ആയയും നേരിൽ അറിയിക്കുകയും ചെയ്തിട്ടുമുണ്ട്. മേൽ സാഹചര്യങ്ങളാൽ പദ്ധതി പ്രകാരം വാഹന സൗകര്യം ഏർപ്പെടുത്തിയതിന്റെ പൂർണ്ണമായ ലക്ഷ്യം കൈവരിക്കാത്തതായി

ഓഡിറ്റ് വിലയിരുത്തുന്നു.

വഴി സൗകര്യം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി 05/2019-20/13.01.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എക്സിറ്റ് മീറ്റിംഗിൽ റോഡ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി പ്രസിഡണ്ടും, വൈസ് പ്രസിഡണ്ടും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവും, യഥാർത്ഥ ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു.

| | | |
|---|---|---|
| പ്രോജക്ടിന്റെ നമ്പർ | S0033/20 | S0038/20 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാര പദ്ധതി | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | 39,58,375 – (വികസനഫണ്ട് ജനറൽ - 17,25,000 + കേന്ദ്രാവിഷ്കൃത ഫണ്ട് – 1808375 + തനത് ഫണ്ട് – 2,25,000 +ബ്ലോക്ക് | 20,00,000 – (വികസനഫണ്ട് ജനറൽ - 10,00,000+ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് - 5,00,000 +ജില്ലാ പഞ്ചായത്ത് ഫണ്ട് - 5,00,000) |

| | | |
|---|---|---|
| | പഞ്ചായത്ത് ഫണ്ട് - 2,00,000 ) | |
| ചെലവ് (സുലേഖയിലെ എക്സ്പെൻഡിച്ചർ പ്രകാരം) | 36,61622 /- വികസന ജനറൽ = 15,00,000 കേന്ദ്രാ ഫണ്ട് = 17,95,551 തനത് ഫണ്ട് = 2,25,000 ബ്ലോക്ക് ഫണ്ട് = 1,72,825 36,93,376 /- | 15,23,800/- വികസന ജനറൽ = 9,99,800 ബ്ലോക്ക് ഫണ്ട് = 5,00,000 ജില്ലാ പ.ഫണ്ട് = 24,000 15,23,800/- |
| ബിൽബുക്ക് / ക്യാഷ് ബുക്ക് പ്രകാരം | 36,93,376 /- വികസന ജനറൽ = 15,00,000 കേന്ദ്രാ ഫണ്ട് = 17,95,551 തനത് ഫണ്ട് = 2,25,000 ബ്ലോക്ക് ഫണ്ട് = 141071 36,61,622 /- | 15,23,800/- വികസന ജനറൽ = 9,99,800 ബ്ലോക്ക് ഫണ്ട് = 5,00,000 ജില്ലാ പ.ഫണ്ട് = 321500 1821300/- |
| വ്യത്യാസം | ( 36,93,376 - 36,61,622 ) | (1821300 – 15,23,800) = 297500/- |

| | | |
|---|---|---|
| | = 31754 /- | |

യഥാർത്ഥ ചെലവും, സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവും തമ്മിൽ വ്യത്യാസം വരാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

2. അങ്കണവാടി പോഷകാഹാര പദ്ധതിയിൽ അങ്കണവാടികളിലേക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുമ്പോൾ പാക്കിംഗ് ചാർജ്ജ് ഈടാക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 34 അങ്കണവാടികളാണുള്ളത്. പ്രസ്തുത അങ്കണവാടികളിലേക്ക് ആവശ്യമായ അരി, ഗോതമ്പ് മുതലായ പലചരക്ക് സാധനങ്ങൾ വാങ്ങുന്നത് കേരള സിവിൽസപ്ലൈസ് കോർപ്പറേഷനിൽ നിന്നാണ്. സാധനങ്ങൾ വാങ്ങുമ്പോൾ പാക്കിംഗ് ചാർജ്ജ് ഈടാക്കുന്നുണ്ട്. ഇത് അംഗീകരിക്കാവുന്നതല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം. | തീയതി | പാക്കിംഗ് ചാർജ്ജിനത്തിൽ ഈടാക്കിയ തുക |
|---|---|---|
| 1104119/1958 | 22.05.2019 | 830.38 |
| 1104119/19261 | 17.09.2019 | 1057 |
| 1104119/19425 | 13.12.19 | 828.99 |
| 1104119/19552 | 20.02.20 | 909.68 |
| ആകെ | | 3626.05 |

പാക്കിംഗ് ചാർജ്ജ് ഈടാക്കാനുണ്ടായ സാഹചര്യവും, ഈടാക്കിയതിനെതിരേ സ്വീകരിച്ച നടപടികളുടെ വിവരവും വിശദീകരിക്കേണ്ടതാണ്.

3. ഒരേ സാമ്പത്തിക വർഷം പല സ്ഥാപനങ്ങളിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങുന്നു.

2019-20 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ അങ്കണവാടി പോഷകാഹാര പദ്ധതിയിൽ 4 സ്ഥാപനങ്ങളിൽ നിന്നാണ് ന്യൂട്രിമിക്സ് (അമൃതം പൊടി) വാങ്ങിയിട്ടുള്ളത് വിശദാംശം ചുവടെ കൊടുക്കുന്നു.

| സ്ഥാപനം | തീയതി | വാങ്ങിയ സാധനത്തിന്റെ തൂക്കം |
|---|---|---|
| സുസ്മിതം ഫുഡ് പ്രൊഡക്ട്സ് ബേപ്പൂർ | 04.04.2019 | 1540 Kg |
| സ്നേഹ ഫുഡ് പ്രൊഡക്ട്സ് | 30.04.2019 | 1483 Kg |

| | | |
|---|---|---|
| നൊച്ചാട് | | |
| ശ്രേയസ് ഫുഡ് പ്രൊഡക്ട്സ് ഫാറൂഖ് | 06/19 | 1568 Kg |
| സിനർജിയ ഫുഡ് പ്രൊഡക്ട്സ് പുതുപ്പാടി | 29/7/19 | 1400 Kg |
| സുസ്മിതംഫുഡ് പ്രൊഡക്ട്സ് ബേപ്പൂർ | 05/9/19 | 1710 Kg |
| സ്നേഹ ഫുഡ് പ്രൊഡക്ട്സ് നൊച്ചാട് | 05/10/19 | 1695 Kg |
| സുസ്മിതംഫുഡ് പ്രൊഡക്ട്സ് ബേപ്പൂർ | 05/11/19 | 1752 Kg |
| സ്നേഹ ഫുഡ് പ്രൊഡക്ട്സ് നൊച്ചാട് | 30/01/20 | 1863 Kg |
| ശ്രേയസ് ഫുഡ് പ്രൊഡക്ട്സ് ഫാറൂഖ് | 06/12/19 | 1556 Kg |
| സ്നേഹ ഫുഡ് പ്രൊഡക്ട്സ് നൊച്ചാട് | 20/2/20 | 1183 Kg |
| സ്നേഹ ഫുഡ് പ്രൊഡക്ട്സ് നൊച്ചാട് | 23.3.20 | 1627 Kg |

മേൽ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 05/2019-20/13.01.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവും, യഥാർത്ഥ ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നതിനും, പാക്കിംഗ് ചാർജ്ജ് ഈടാക്കാനുണ്ടായ സാഹചര്യവും, ഒരേ സാമ്പത്തിക വർഷം പല സ്ഥാപനങ്ങളിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതും, അപാകതകൾ ആവർത്തിക്കാതിരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥയും, സെക്രട്ടറിയും, ഭരണസമിതിയും ശ്രദ്ധിക്കേണ്ടതുമാണ്.

1-25 പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 3 ഗവ. എൽ.പി സ്കൂളുകളാണുള്ളത്. ഇവയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ പഞ്ചായത്ത് വിജയിച്ചിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്തിൽ മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയോ മേഖല നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരമെന്ന നിലയിൽ ആവശ്യമായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടോ ഇല്ല. നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രധാന അധ്യാപിക തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം മൂന്ന് സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ വെൽഫയർ എൽ.പി സ്കൂൾ 12-1-22 ഓഡിറ്റ് ടീം സന്ദർശിച്ചതിൽ നാല് ക്ലാസ്റൂം വേണ്ട സ്ഥാനത്ത് നിലവിൽ രണ്ട് ക്ലാസുമുറികളാണുള്ളത്. ക്ലാസുമുറികളുടെ അപര്യാപ്തതമൂലം ക്ലാസുകളിൽ ഒന്ന് ഓഫീസ് മുറിയിലും, മറ്റൊന്ന് തൊട്ടടുത്ത ഗ്രാമകേന്ദ്രത്തിലും പ്രവർത്തിക്കുന്നു. ക്ലാസ്റൂം നിർമ്മാണത്തിനായി 2019-20 ൽ എ.ഇ നിർവഹണഉദ്യോഗസ്ഥനായി (സ്പിൽഓവറായി) 1000000 രൂപ വകയിരുത്തിയിരുന്നെങ്കിലും തൻവർഷം ചെലവില്ല. സ്കൂളിന് ചുറ്റുമതിൽ, ഗേറ്റ്, എന്നിവ നിർമ്മിച്ചിട്ടില്ല. സ്മാർട്ട്ക്ലാസ്റൂം, ഫർണ്ണിച്ചർ, വാഷ്ബേസിൻ, ശുദ്ധജലലഭ്യത മുതലായവയുടെ അപര്യാപ്തത സ്കൂളിൽ നിലവിലുണ്ട് . സ്കൂളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവത്തെ പറ്റി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ചർച്ച ചെയ്തതായി കാണുന്നില്ല. പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണെന്നിരിക്കെ നാളിതുവരെയയായും മേൽ ആവശ്യങ്ങൾ നിറവേറ്റാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ 2019-20 ലെ ഹെഡ്മാസ്റ്ററുടെ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വിദ്യാഭ്യാസ മേഖലക്കായി വകയിരുത്തിയ 1559300 രൂപയിൽ 968001 മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. 9 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും ഒരു തൻവർഷ പ്രോജക്ടും രണ്ട് സ്പിൽ ഓവർ പ്രോജക്ടും മാത്രമാണ് നടപ്പിലാക്കിയത്. ഇത് വിദ്യാഭ്യാസ

മേഖലയിൽ രൂപീകരിച്ച പ്രോജക്റ്റുകളുടെ നടത്തിപ്പിലും അവയുടെ മോണിറ്ററിംഗിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ശ്രദ്ധ വേണ്ടവിധത്തിൽ ഉണ്ടായിട്ടില്ല എന്ന് സൂചിപ്പിക്കുന്നു. മേൽ അപാകതകളിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-26 പുളി ബസാർ-പൊയിൽ താഴം കുനിയിൽ താഴം റോഡ് പ്രവൃത്തിക്ക് തുക ഡെപ്പോസിറ്റ് ചെയ്തു -വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് താഴെപ്പറയുന്ന പ്രോജക്ട് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.വൈ.ഐ.പി പേരാമ്പ്രയ്ക്ക് (KYIP) തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | S0090/20 |
| പ്രോജക്ടിന്റെ പേര് | പുളി ബസാർ-പൊയിൽ താഴം കുനിയിൽ താഴം റോഡ് ഡെപ്പോസിറ്റ് |
| നിർവ്വഹണ ഏജൻസി | എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.വൈ.ഐ.പി പേരാമ്പ്ര |
| അടങ്കൽ | 7,00,000 -<br>(തനത് ഫണ്ട് - 3,50,000+മെയിന്റനൻസ് ഫണ്ട് റോഡ് 3,50,000/- |
| ഡെപ്പോസിറ്റ് തുക | 7,00,000 /- |
| ബിൽ നം/തീയതി തുക | 27/15/02/2020 - 3,50,000/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>93/15/02/2020 - 3,50,000/- (തനത് ഫണ്ട്)<br>7,00.000/- |

പുളി ബസാർ - പൊയിൽ താഴം കുനിയിൽ താഴം റോഡ് സഞ്ചാരയോഗ്യമാക്കുന്നതിനായി പ്രസ്തുത

പ്രവൃത്തിക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.വൈ.ഐ.പി പേരാമ്പ്രയുടെ എസ്റ്റിമേറ്റും, എസ്റ്റിമേറ്റ് റിപ്പോർട്ട് ലഭ്യമാക്കിയും, സെക്രട്ടറിയുടെ 16/02/2019 ലെ എ2 – 12530/19 നമ്പർ സാക്ഷ്യപത്ര പ്രകാരവും ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് എസ്റ്റിമേറ്റിനെക്കാളും അധിക തുക വരുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം രേഖാമൂലം അറിയിച്ചാൽ ഭരണസമിതി അംഗീകാരത്തിന് വിധേയമായി പദ്ധതി തുക അധിക തുക വകയിരുത്തി DPC അംഗീകാരത്തിനു ശേഷം തുക ഡെപ്പോസിറ്റ് ചെയ്യുന്നതാണ് എന്ന് സാക്ഷ്യപത്രം നൽകിയും 7,00,000/- രൂപ പേരാമ്പ്ര കെ.വൈ.ഐ.പി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചലാൻ മുഖേന ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

എന്നാൽ നാളിതുവരെ പദ്ധതി പൂർത്തീകരിച്ച് ജനങ്ങൾക്ക് ഉപകാരപ്രദമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തുക ഡെപ്പോസിറ്റ് ചെയ്ത സെക്രട്ടറിയോ തുടർവർഷങ്ങളിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചവരോ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങളോ ഫയലിൽ ലഭ്യമല്ല.

കരാറിൽ ഏർപ്പെടാതെ തുക ഡെപ്പോസിറ്റ് ചെയ്തതിനും, പദ്ധതി പൂർത്തികരണത്തിന് തുടർ നടപടികൾ സ്വീകരിക്കാതതതിനും സെക്രട്ടറിയിൽ നിന്നും തുടർന്ന് ചുമതല വഹിച്ചവരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയും തുടർന്ന് ചുമതല വഹിച്ചവരും നടപടി സ്വീകരിക്കാത്തത് മൂലം പദ്ധതി പൂർത്താകയാക്കാത്തത് പദ്ധതി പണം പാഴാക്കുന്നതിന് തുല്യമാണ്. പദ്ധതി പൂർത്തികരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

മേൽ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 03/2019-20/13.01.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതി സമയബന്ധിതമായി പൂർത്തികരിച്ച് , പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കി വിനിയോഗസാക്ഷ്യപത്രവും, ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കേണ്ടതുമാണ്.

1-27 നടപ്പിലാക്കുന്ന പ്രോജക്ടുകളിൽ കൃത്യമായ മോണിറ്ററിംഗ് നടത്തുന്നില്ല

പ്രോജക്ട്നം 35/19-20. പെണ്ണാട് വളർത്തൽ

ബിൽനം 2/31.12.19-84000

6/31.12.19-42000

ചെക്ക്നം 2831847 /31.12.19 84000 (ഗു.വി)

2831861 /19.12.19 42000 (ഗു. വി)

ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ വെറ്റിനറി സർജൻ നിർവഹണം ചെയ്ത മേൽ പ്രോജക്ട് പ്രകാരം 21 പേർക്ക് 2 ആടുകളെ വീതം വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു. അപേക്ഷകളിൽ പർച്ചേസ് കമ്മിറ്റി റിപ്പോർട്ട്, ഗുണഭോക്താവും നിർവഹണ ഉദ്യോഗസ്ഥനും തമ്മിലുള്ള കരാർ, വെറ്റിനറി ഡോക്ടറുടെ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ സാക്ഷ്യപത്രം എന്നിവയൊന്നും ഉൾപ്പെട്ടിട്ടില്ല. വെറ്റിനറിസർജൻ നടപ്പിലാക്കിയ മറ്റോരു പ്രോജക്ടായ ധാതുലവണ മിശ്രിതം/വിരമരുന്ന് (പ്രോജക്ട് നം 39, ചെലവ് തുക 75000/) എന്നതിൽ ക്ഷിരകർഷകർക്കായി കേരള ഫീഡ്സിൽ നിന്നും 15.10.19,9.12.19 എന്നീ തിയ്യതികളിൽ വാങ്ങിയ (ഇൻവോയ്സ് നം027876/KFLPl, 035505/ KFLPl) ധാതുലവണമിശ്രിതം (കേരമിൻ) എന്നിവയുടെ വിതരണ രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കർഷകർക്ക് ഇവ വിതരണം ചെയ്യുന്നത് ഫെബ്രുവരി മാസങ്ങളിലാണ് ഇതിൽ നിന്നും നടപ്പിലാക്കുന്ന പ്രോജക്ടുകളിലെ തുടർ മോണിറ്ററിംഗ്, കൃത്യമായി നടക്കുന്നില്ല എന്നു കാണുന്നു. വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയിൽ ഇതു സംബന്ധിച്ച വിലയിരുത്തലുകൾ നടക്കുന്നതായി കാണുന്നില്ല. നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ മോണിറ്ററിംഗ് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 10.01.2022, 11.01.2022 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,25,000 | നെൽകൃഷി വികസനം | 1,25,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 10,500 | ഗ്രൂപ്പ് പച്ചക്കറി കൃഷി(കുടുംബശ്രീ വനിത) | 10,500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 5,20,000 | ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി) | 5,20,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2,00,000 | അങ്കണവാടി പോഷകാഹാര പദ്ധതി | 1,72,825 | 27,175 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 5,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 5,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 4,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 4,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,00,000 | കറവപശുക്കൾക്ക് കാലിത്തീറ്റ | 1,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 1,50,000 | നെൽകൃഷി വികസനം | 1,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 12,600 | ഗ്രൂപ്പ് പച്ചക്കറി കൃഷി(കുടുംബശ്രീ വനിത) | 12,600 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 3,06,091 | ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി) | 3,06,091 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 5,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 24,000 | 4,76,000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ എജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ/ ചെക്ക് നമ്പർ | മുൻകർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.വൈ. ഐ.പി | പുളി ബസാർ പൊയിൽതാഴം കുനിയിൽ റോഡ് | 2831871 | 7,00,000 | 0 | 7,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരം ഭത്തിൽ തിരിച്ച ടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചട യ്ക്കാൻ |
|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (എം.എസ്) 68/2018. ത.സ്വ.ഭ.വ തീയതി- 18/08/2018 | 2,60,000 | 1,54,03,639 | 11,82,177 | -- | 1,44,81,462 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 16,70,833 |
| തൻവർഷം നിക്ഷേപിച്ച തുക | 90,774 |
| ആകെ | 17,61,607 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 17,61,607 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | കോഴിക്കോട് ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക്, കക്കോടി ശാഖ | 17.02.2020 | 91 ദിവസം | 3,72,461 |
| 2 | കോഴിക്കോട് ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക്, കക്കോടി ശാഖ | 17.02.2020 | 91 ദിവസം | 5,44,939 |
| 3 | കോഴിക്കോട് ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക്, കക്കോടി ശാഖ | 23.12.2019 | 91 ദിവസം | 8,44,207 |
| ആകെ | | | | 17,61,607 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 30 | 2003-04 | 11.13.3.3 (പൊതു പരാമർശം) | വ്യക്തികൾ വിട്ടു കൊടുത്ത ഭൂമിയിൽ വാട്ടർ സപ്ലൈ സ്കീം | സമിതിയുടെ പരിഗണനയിൽ |
| 2000-01 Plan Fund AR | 12 | 2003-04 | 11.13.5.15 (പൊതു പരാമർശം) | മൈത്രി ഭവന പദ്ധതി | സമിതിയുടെ പരിഗണനയിൽ |
| 1999-00 | - | 2004-05 | 11.1.3.33 (പൊതു പരാമർശം) | നികുതി പിരിവിൽ അലംഭാവം | സമിതിയുടെ പരിഗണനയിൽ |
| 2000-01 | - | 2004-05 | 11.1.3.36 (പൊതു പരാമർശം) | നികുതി പിരിവിൽ അലംഭാവം | സമിതിയുടെ പരിഗണനയിൽ |
| 2005-06 | 3-8 | 2008-09 | 3.6.2 | കൊപ്ര ഡ്രയർ മില്ലിംഗ് യൂണിറ്റ് | സമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| | | | | സ്ഥാപിക്കൽ | |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-2 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,38,07,114 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,31,29,526 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,12,360 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 12,360 | ശ്രീ. ഷാനവാസ്.ഇ,<br>സെക്രട്ടറി (ഇൻ-ചാർജ്) |
| 1-22 | 1,00,000 | ശ്രീ. കെ.പി.എം.നവാസ്,<br>സെക്രട്ടറി |
| 1-26 | 7,00,000 | ശ്രീ. ഷാജി.എസ്,<br>സെക്രട്ടറി |
| ആകെ | 8,12,360 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാനവാസ്.ഇ,<br>സെക്രട്ടറി<br>(ഇൻ-ചാർജ്) | സെക്രട്ടറി,<br>വേളം<br>ഗ്രാമപഞ്ചായത്ത് | പടിക്കലക്കണ്ടി,<br>നൻമണ്ട(പി.ഒ),<br>കോഴിക്കോട്-<br>673613 |
| ശ്രീ.കെ.പി.എം.നവാസ്,<br>സെക്രട്ടറി | സെക്രട്ടറി,<br>കുന്നമംഗലം<br>ഗ്രാമപഞ്ചായത്ത് | അക്ഷരം,<br>ആർട്സ്<br>കോളേജ്(പി. ഒ), |

| | | |
|---|---|---|
| | | മീഞ്ചന്ത, കോഴിക്കോട് 673018 |
| ശ്രീ. ഷാജി.എസ്, സെക്രട്ടറി | സെക്രട്ടറി, ചേർത്തല സൗത്ത് ഗ്രാമപഞ്ചായത്ത് | ഷാജി ഭവൻ, മരുത്തർ വട്ടം(പി. ഒ), ചേർത്തല, ആലപ്പുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/ 2019(1) തീ-28.08.2020 | 1 | 30 |
| 1999-00 (ഡി.സി.ബി | കെ.എസ്.എ.കെ.കെ.ഡി.പി.2/ 1486/ 05(3) തീയതി 01.09.2011 | 4 | 2, 3, 10, 11 |
| 1999-00 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.എസ്1/ 895/ 03/02.01.2004 | 5 | 6, 7, 8, 9(A), (B), 10 |
| 2000-01 (ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി.പി2/ 988/ 04/12.11.04 | 1 | 10 |
| 2000-01(പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(9) തീ-28.09.2020 | 3 | 12, 14, 15 |

| | | | |
|---|---|---|---|
| | | | |
| 2001-02 (ഡി.സി.ബി) | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(2) തീ-28.09.2020 | 3 | 2-8, 3-5, 3-9 |
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(3) തീ-28.08.2020 | 4 | 7, 8എ, 8ബി, 11 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(4) തീ-26.08.2020 | 6 | 3-4, 3-10, 3-11, 3-12, 3-14,3-15 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(6) തീ-25.08.2020 | 1 | 3-5 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി2/ 1452/ 09/6.11/09 | 30 | 2-6, 2-7, 2-8 (ബി), 2-9,2-10,2-11, 2-12, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(3) തീ-27.10.2020 | 17 | 2-8, 2-10, 2-11, 2-12, 3-1, 3-2, 3-3, 3-5, 3-6, 3-8, 3-9, 3-10, 3-11(1,2,3), 3-12, 3-15, 3-16, 3-19 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(8) തീ-27.10.2020 | 15 | 3-2, 3-3, 3-4, 3-5, 3-6, 3-7, 3-7എ, 3-8, |

| | | | |
|---|---|---|---|
| | | | 3-8 എ, 3-9, 3-11, 3-12, 3-13, 3-14, 3-17 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി3/ 593/2020(1) തീ-29.12.2020 | 21 | 2-6, 2-8എ, 3-1, 3-3, 3-4, 3-5, 3-6, 3-8, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി12/ 1513/2012 തീ-13.03.2013 | 13 | 2-1, 2-2, 3-1, 3-3, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-13, 4-3 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി3/ 593/2020(2) തീ-10.11.2020 | 3 | 2-5, 3-4, 3-5 |
| 2011-12 & 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി3/ 593/2020(3) തീ-21.01.2021 | 18 | 2-4, 2-5(1), (1,2,3), 2-5 (2)1, 2), 3-1, 3-2, 3-3, 3-4, 3-6, 3-7(1), (2), (5), (6), (7), 3-12, 4-3, 4-10 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി3/ 593/2020(4) തീ-13.11.2020 | 17 | 2-2, 3-4, 3-6, 3-8, 3-10, 3-13 (1,2,3), 3-14 (1,2,3), 3-16, |

| | | | |
|---|---|---|---|
| | | | 3-17(1,3), 3-18 (1,2,3), 3-19(2), 3-20, 3-22, 3-23, 3-24, 3-25, 3-27 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി3/ 593/2020(5) തീ-28.10.2020 | 17 | 2-1, 2-2, 2-5, 3-1, 3-2ബി, 3-3, 3-4, 3-4(1), 3-5, 3-6, 3-7, 3-8(1), 3-10, 3-11(1,2), 3-12, 3-13, 3-18 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി3/ 593/2020(6) തീ-10.11.2020 | 18 | 2-1(1), 2-2(3), 2-3, 2-4, 2-5, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-15, 3-16 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി12/ 491/2019 തീ-13.05.2019 | 22 | 1-12(1), 1-12(2), 1-12(3), 1-12(4), 1-12(5), 2-1(1), 2-2, 2-3, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11(1), 3-12, 3-13(1), 3-13(2), 3-13(3), 3-14, 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി3/ 2080/2019 തീ-08.06.2020 | 17 | 1-1, 1-3, 1-5, 1-7, 1-8, 1-9,1-10,1-11, |

| | | | |
|---|---|---|---|
| | | | 1-12, 1-13, 1-14,<br>1-15, 1-16, 1-17,<br>1-18, 1-19, 1-20,<br>1-21, 1-22, 1-23,<br>1-24, 1-25, 1-26,<br>1-27, 1-28, 1-29,<br>1-30, 1-31, 1-32,<br>1-33, 1-34, 1-35,<br>2-1, 3-1, 4-9,<br>4-10 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്